നമ്പർ.സി1/8/2024/റ്റി.സി- Part (2)

മോട്ടോർ വാഹന വകുപ്പ് , കേരളം
ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം
തീയതി: 26-06-2024

പ്രേഷകൻ,
:
ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് , എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിൻ റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – മോട്ടോർ വാഹന വകുപ്പ്- ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണവുമായി ബന്ധപ്പെട്ട് പുതിയ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന :- 1.G.O(Rt) No.181/2024/Trans തീയതി 23.05.2024.
2.ഗതാഗത കമ്മീഷണറുടെ സർക്കുലർ നമ്പർ17/2024 തീയതി 30.05.2024.

സംസ്ഥാനത്ത് ഡ്രൈവിംഗ് ടെസ്റ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് സൂചന (1) ന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം നിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. നിലവിൽ, സർക്കാർ നിർദ്ദേശം അനുസരിച്ച് സൂചന (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൻമേൽ താഴെ പറയും പ്രകാരം മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു .ആയത് എല്ലാ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരും കർശനമായി പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു .

1). സൂചന (2) പ്രകാരം ഉള്ള സർക്കുലറിലെ ഒന്നാം ഖണ്ഡികയിൽ ,നിലവിൽ3000 അപേക്ഷകൾ മേലെ പെയിൻറിങ് ഉള്ള ഓഫീസുകളിൽ 40 പേരുടെ ഒരു ബാച്ച് ഡ്രൈവിംഗ് ടെസ്റ്റ് അഡീഷണൽ ബാച്ച് ആയി നടത്തുവാനുള്ള നിർദ്ദേശം പ്രസ്തുത ഖണ്ഡികയിലെ മറ്റു നിർദ്ദേശങ്ങൾക്കൊപ്പംകൂട്ടിച്ചേർക്കുന്നു.

2). സൂചന (2) പ്രകാരം ഉള്ള സർക്കുലറിലെ രണ്ടാം ഖണ്ഡികയിൽ നിർദ്ദേശിച്ചിട്ടുള്ള ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങളുടെ പ്രായപരിധി 18 വർഷം എന്നത് 22 വർഷമായി പുതുക്കി നിശ്ചയിച്ചിട്ടുള്ളതായി കൂട്ടിച്ചേർക്കുന്നു.

3). സൂചന (2) പ്രകാരം ഉള്ള സർക്കുലറിലെ നാലാമത്തെ ഖണ്ഡിക, കേന്ദ്ര മോട്ടോർ വാഹന ചട്ട പ്രകാരം അംഗീകൃത ഡ്രൈവിംഗ് ഇൻസ്ട്രക്ടർമാരുടെ സാന്നിധ്യം ഡ്രൈവിംഗ് സ്കൂൾ പരിശോധനയിൽ കണ്ടെത്തുന്ന പക്ഷം, അവർ ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ടിൽ ഹാജരാകുന്നതിൽ നിന്നും ഇളവ് അനുവദിക്കാവുന്നതാണ് എന്ന രീതിയിൽ മാറ്റം വരുത്തിയിരിക്കുന്നു.

മേൽ നിർദ്ദേശങ്ങൾ എല്ലാം തന്നെ ബഹുമാനപ്പെട്ട കോടതി ഈ വിഷയത്തിൽ പുറപ്പെടുവിക്കുന്ന വിധികളുടെ അന്തിമതീരുമാനങ്ങൾക്ക് വിധേയമായിരിക്കും.

വിശ്വസ്തതയോടെ,

Signed by
Sreejith S
Date: 26-06-2024 08:31:41

S SREEJITH I P S
TRANSPORT COMMISSIONER

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് ,കേരളം, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്,തിരുവനന്തപുരം-14
ഫോൺ: 0471-2333337/2333317 0471-2333314 വെബ്സൈറ്റ്: www.mvd.kerala.gov.in ഇമെയിൽ: tcoffice.mvd@kerala.gov.in